**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 745 — 29.11.2018 -ൽ മറുപടിക്ക്

## തലശ്ശേരി പൈതൃക ടൂറിസം പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. എൻ. ഷംസീർ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയ്ക്കായി 2018-19 വർഷത്തെ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന തിനായി എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | തലശ്ശേരി പൈതൃക ടൂറിസം പദ്ധതി ഉൾപ്പെടെ മുസിരിസ് പൈതൃക പദ്ധതി, സ്പൈസ് റൂട്ട് സംരംഭം, ആലപ്പുഴ, മറ്റ് തെരഞ്ഞെടുക്കപ്പെട്ട പൈതൃക നഗരങ്ങൾക്കായുള്ള പദ്ധതി കൾ എന്നിവയുമായി ബന്ധപ്പെട്ട പുരാവസ്തു ഗവേഷണം, സംരക്ഷണം, വിനോദസഞ്ചാര സൗകര്യങ്ങൾ വികസിപ്പി ക്കൽ, മ്യൂസിയങ്ങളുടെ വികസനം, വിപണനം, ഭൂമി ഏറ്റെടു ക്കൽ, പഠനങ്ങൾ, സെമിനാറുകൾ, ശിൽപ്പശാലകൾ തുടങ്ങി യവയ്ക്കായി 2018-19 ബഡ്ജറ്റിൽ 40 കോടി രൂപ വകയിരുത്തി യിട്ടുണ്ട്.<br><br>തലശ്ശേരി ഹെറിറ്റേജ് പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തി കളിൽ ഉൾപ്പെടുന്ന തലശ്ശേരി പിയർ റോഡിന്റെ വികസനം, ഫുഡ് സ്ട്രീറ്റ്, സ്കൾപ്ച്ചർ പാർക്ക് എന്നിവയുടെ നിർമ്മാണം, പഴയ ഫയർ ടാങ്കിന്റെ നവീകരണവും സംരക്ഷണവും, താഴെങ്ങാടി ഡെവലപ്മെന്റ് ഓഫ് പെർഫോമൻസ് സെന്റർ, ഹെർമൻ ഗുണ്ടർട്ട് ബംഗ്ലാവ്, ഭാഷാ മ്യൂസിയം, ജർമ്മൻ സ്റ്റഡി സെന്റർ എന്നിവയുടെ നിർമ്മാണ പ്രവർത്തി കളും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ